എറണാകുളം റൂറൽ എസ്.പിയുടെ പങ്ക് അന്വേഷിക്കണം: പിള്ള

കോഴിക്കോട്: വരാപ്പുഴ കസ്റ്റഡി മരണ കേസിൽ എറണാകുളം റൂറൽ എസ്.പി എ.വി. ജോർജിന്റെ പങ്കിനെ കുറിച്ച് അന്വേഷണം നടത്തണമെന്ന് കേരളകോൺഗ്രസ്(ബി) ചെയർമാൻ ആർ. ബാലകൃഷ്ണ പിള്ള. ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ നിർദേശമനുസരിച്ചാണ് ശ്രീജിത്തിനെ പൊലീസുകാർ കസ്റ്റഡിയിലെടുത്തത്. കസറ്റഡി മരണത്തിൽ അറസ്റ്റിന് നിയോഗിച്ച ആളും ഉത്തരവാദിയാണ്. അപ്രഖ്യാപിത ഹർത്താൽ നടത്തിയതിനു പിന്നിൽ ഒരു ബുദ്ധികേന്ദ്രമുണ്ടെന്നും കേരളമായതുകൊണ്ടാണ് അതൊരു വലിയ വർഗീയ പ്രശ്നമായി മാറാതിരുന്നതെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

തലവര

കെ.പി.സി.സി അദ്ധ്യക്ഷനാകാൻ താത്പര്യമില്ല: മുരളി



ഹാരം...ജെണ്ട്...നാരങ്ങ എന്നിവയുമായി വന്ന് നിങ്ങളുടെ ആദരവുകൊണ്ടെന്നെ വീർപ്പുമുട്ടിക്കരുതേ എന്നപേക്ഷിക്കുകയാണ്...

ഹരിപ്പാട് മെഡിക്കൽ കോളേജ് ഉപേക്ഷിച്ചു

എം.എച്ച്.വിഷ്ണു

തിരുവനന്തപുരം: പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങാനിരുന്ന ഹരിപ്പാട് മെഡിക്കൽകോളേജ് സർക്കാർ ഉപേക്ഷിച്ചു. 80 കോടി മൂലധന നിക്ഷേപത്തോടെ കോളേജ് നിർമ്മാണത്തിനായി കേരള മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കമ്പനി (ഇൻഫ്രാമെഡ്) രൂപീകരിച്ചുകൊണ്ട് 2015 ഡിസംബർ മൂന്നിന് യു.ഡി.എഫ് മന്ത്രിസഭയെടുത്ത തീരുമാനവും റദ്ദാക്കി. കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ എം.ഡിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പന്ത്രണ്ടര കോടി ചെലവിട്ട് ഏറ്റെടുത്ത ഭൂമി വേലികെട്ടി സംരക്ഷിക്കുമെന്ന് ആരോഗ്യസെക്രട്ടറി രാജീവ് സദാനന്ദൻ പറഞ്ഞു. 2012 ഏപ്രിൽ 11 നാണ് ഹരിപ്പാട് മെഡിക്കൽകോളേജിന് യു.ഡി.എഫ് സർക്കാർ ഭരണാനുമതി നൽകിയത്. 2012 ജൂലായ് 28ന് ഇൻഫ്രാമെഡ് കമ്പനി രൂപീകരിച്ചു. കമ്പനി ഉടൻ അടച്ചുപൂട്ടുമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. നബാർഡ് 89 കോടി വായ്പ നൽകിയെങ്കിലും പണം ചെലവഴിച്ചിരുന്നില്ല. 25 കോടി ചെലവിൽ സർക്കാർ ഏറ്റെടുത്ത് കൈമാറുന്ന സ്ഥലത്ത്, നബാർഡ് വായ്പ ഉപയോഗിച്ച് സ്വകാര്യവ്യക്തികൾ കോളേജ് നിർമ്മിക്കുന്ന പദ്ധതിയായിരുന്നു ഹരിപ്പാട്ടേത്. ഇൻഫ്രാമെഡ് കമ്പനിയുടെ 76 ശതമാനം ഓഹരിയും സ്വകാര്യ വ്യക്തികൾക്കാണ്.

ഏറ്റെടുത്ത് നൽകുന്ന ഭൂമിയുടെ വിലയായി 24 ശതമാനം ഓഹരി സർക്കാരിന് ലഭിക്കും. 500 കിടക്കകളുള്ള ആശുപത്രി കെട്ടിടം പണിയാൻ നബാർഡിൽ നിന്നെടുക്കുന്ന 300 കോടി വായ്പയുടെ തിരിച്ചടവ് സർക്കാരിന്റെ ബാദ്ധ്യതയായിരുന്നു.

നബാർഡിൽ നിന്ന് വായ്പയെടുത്തു നൽകില്ലെന്ന് ധനമന്ത്രി തോമസ് ഐസക്കും സർക്കാർ ചെലവിൽ സ്വകാര്യ കോളേജ് വേണ്ടെന്ന് മന്ത്രി ജി. സുധാകരനും ആലപ്പുഴ മെഡിക്കൽ കോളേജ് അടുത്തുള്ളതിനാൽ പുതിയ കോളേജ് ആവശ്യമില്ലെന്ന് ആരോഗ്യസെക്രട്ടറി രാജീവ് സദാനന്ദനും നിലപാടെടുത്തു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് എന്ന സൊസൈറ്റിക്ക് 99 വർഷത്തേക്ക് കോളേജ് പാട്ടത്തിന് കൊടുക്കാനും ഫീസ് പിരിച്ച് ചെലവു കഴിഞ്ഞുള്ള പണം ഇൻഫ്രാമെഡിന് നൽകാനുമായിരുന്നു കരാർ. ഈ കരാറും റദ്ദാക്കിയിട്ടുണ്ട്.

ഇതിനിടെ കൺസൾട്ടൻസി കരാറിൽ അഴിമതി കണ്ടെത്തിയ വിജിലൻസ്, പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം ചീഫ് എൻജിനിയറെ ഒന്നാം പ്രതിയാക്കി കേസെടുത്തിരുന്നു. കൺസൾട്ടൻസി ഫീസ് പദ്ധതി തുകയുടെ 1.90 ശതമാനത്തിൽ കൂടരുതെന്ന ചട്ടം ലംഘിച്ചതിലൂടെ സർക്കാരിന് 7.70 കോടിയുടെ നഷ്ടമുണ്ടായെന്നും മാനദണ്ഡങ്ങൾ നൽകാതെ കരാർ നൽകിയെന്നും വിജിലൻസ് കണ്ടെത്തി. കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനിയെ ഒഴിവാക്കി 2.94 ശതമാനം തുക ക്വോട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയത്.



ഭൂമി വാങ്ങിയതിൽ തരികിട

- അടിസ്ഥാന വിലയുടെ 400 ഇരട്ടിയിലധികം നൽകി 47 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതായി കണ്ടെത്തി
- ഭൂമിനൽകാമെന്ന എൻ.ടി.പി.സിയുടെ വാഗ്ദാനം തള്ളി സ്വകാര്യ വ്യക്തിയുടെ വയൽ വാങ്ങിക്കൂട്ടി
- 2.5 സെന്റിന് 10,000 രൂപ വിലയുള്ള പാടം 4,32,250 നും 60,000 ത്തിന്റെ പുരയിടം 4,49,540 നുമാണ് വാങ്ങിയത്

> ഹരിപ്പാട്ടെ പദ്ധതി അവസാനിപ്പിച്ചു. നബാർഡ് നൽകിയ 89 കോടി സറണ്ടർ ചെയ്തു. ഇത് വകമാറ്റാൻ കഴിയില്ല. ഏറ്റെടുത്ത സ്ഥലം സർക്കാരിന്റെ പേരിലുണ്ട്
>
> -രാജീവ് സദാനന്ദൻ,ആരോഗ്യസെക്രട്ടറി

ഫിലിം ഫെസ്റ്റിവൽ പാസുമായി തട്ടിപ്പ്: യുവതി കസ്റ്റഡിയിൽ

ഏറ്റുമാനൂർ: സമൂഹത്തിൽ അറിയപ്പെടുന്നവരുടെ പേരു പറഞ്ഞും മറ്റും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പണം തട്ടിച്ച യുവതി പിടിയിലായി. ഏറ്റുമാനൂർ സ്റ്റാൻഡിൽ നിന്നാണ് ഇവരെ കസ്റ്റഡിയിലെടുത്തത്. കഴിഞ്ഞ ദിവസം ഏറ്റുമാനൂരിലുള്ള ജില്ല സഹകരണ ആയുർവേദ ആശുപത്രിയിൽ നിന്നും കാരിത്താസിലെ ഡോക്ടറുടെ പേരു പറഞ്ഞ് പണം വാങ്ങിയിരുന്നു.

കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്കുസമീപമുള്ള ലോട്ടറിക്കടയിൽ നിന്നും പണം വാങ്ങി. വ്യാജ വിലാസമാണ് യുവതിയുടെ പക്കലുണ്ടായിരുന്നത്. ഇതോടെ നാട്ടുകാർ പൊലീസിൽ അറിയിക്കുകയായിരുന്നു.

ഫിലിം ഫെസ്റ്റിവലിനു പങ്കെടുത്ത പാസുമാത്രമാണ് ഇവരുടെ പക്കലുണ്ടായിരുന്നത്. ഏറ്റുമാനൂർ സി.ഐയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്തു വരുന്നു.

സർക്കാരിന് വാഴപ്പിണ്ടി നട്ടെല്ലെന്ന്

തിരുവനന്തപുരം: സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ കഴിയാത്ത സർക്കാരിന് വാഴപ്പിണ്ടി നട്ടെല്ലാണെന്നുള്ളതെന്ന് എ.ഐ.എസ്.എഫ് സംസ്ഥാന സെക്രട്ടറി ശുഭേഷ് സുധാകരൻ പറഞ്ഞു. സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കാൻ നിയമനിർമാണം നടത്തുക, വിദ്യാഭ്യാസക്കച്ചവടക്കാരായ മാനേജ്മെന്റുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുക, സ്വാശ്രയ കോളേജുകളിൽ ഫീസ് വർദ്ധനവിനുള്ള നീക്കം ഉപേക്ഷിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് എ.ഐ.എസ്.എഫ് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന വൈസ് പ്രസിഡന്റ് രാഹുൽരാജ്, ജില്ല സെക്രട്ടറി അൽജിഹാൻ, അൻവർ ഷാ എന്നിവർ പ്രസംഗിച്ചു.

വിഴിഞ്ഞം: അദാനിയോട് പിഴ ആവശ്യപ്പെട്ട് സർക്കാർ

18.96 കോടി രൂപ ഒടുക്കാൻ നോട്ടീസ് നൽകി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണം കരാറിൽ പറഞ്ഞ പ്രകാരം സമയബന്ധിതമായി നീങ്ങാത്തതു സംബന്ധിച്ച് സർക്കാർ അദാനി ഗ്രൂപ്പിനോട് പിഴ ആവശ്യപ്പെട്ടു. കരാർ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കാത്തതിനാൽ 18.86 കോടി രൂപ പിഴയൊടുക്കണമെന്ന് ആവശ്യപ്പെട്ടാണ് സർക്കാർ അദാനി ഗ്രൂപ്പിന് നോട്ടീസ് നൽകിയത്.

കഴിഞ്ഞ വർഷം ഒക്ടോബർ 24 ന് 690 പ്രവൃത്തിദിനങ്ങൾ കൊണ്ട് 25 ശതമാനം നിർമ്മാണം പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ ഈ സമയം കൊണ്ട് 21.5 ശതമാനം ജോലികളേ പൂർത്തിയായുള്ളൂയെന്ന് സർക്കാർ പറയുന്നു. അതേസമയം 35 ശതമാനം പൂർത്തിയായെന്നാണ് അദാനിയുടെ അവകാശവാദം. ആദ്യഘട്ട നിർമ്മാണത്തിൽ ആകെ ചെലവഴിക്കുന്ന 4216 കോടി രൂപയുടെ 25 ശതമാനം തുകയായ 1054 കോടി രൂപയാണ് അദാനി ഗ്രൂപ്പ് പദ്ധതി നിർമ്മാണത്തിനായി ഈ കാലയളവിൽ മുടക്കേണ്ടിയിരുന്നത്. അത് ചെലവഴിക്കാനായില്ല. വൈകുന്ന ഓരോ ദിവസവും 12 ലക്ഷം രൂപ വീതം നഷ്ടപരിഹാരം കണക്കുകൂട്ടിയാണ് തുക ആവശ്യപ്പെട്ടിരിക്കുന്നത്.

2015 ഡിസംബർ 5 നാണ് തുറമുഖ നിർമ്മാണം ആരംഭിച്ചത്. നേരത്തെ തീരുമാനിച്ചതു പ്രകാരം 2019 ഡിസംബറിൽ തന്നെ പദ്ധതി പൂർത്തിയാക്കണമെന്ന് അദാനി പോർട്സ് സി.ഇ.ഒ കരൺ അദാനിയോടു മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതി നിശ്ചിത സമയത്തു പൂർത്തിയാകില്ലെന്നും 16 മാസം കൂടി അധികം അനുവദിക്കണമെന്നുമുള്ള ആവശ്യമാണ് അദാനി ഗ്രൂപ്പ് വീണ്ടും ഉന്നയിച്ചിരിക്കുന്നത്.

> സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് നിർമ്മാണം ഇഴയുന്നതിന്റെ നഷ്ടപരിഹാരമല്ല. ഇത് നിശ്ചിതസമയത്ത് നിർമ്മാണത്തിനായി അദാനി ഗ്രൂപ്പ് മുടക്കേണ്ട തുക ചെലവഴിക്കാത്തതിന്മേലുള്ള പിഴ മാത്രമാണ്. ഇപ്പോൾ സർക്കാരിലേക്ക് അദാനി പിഴയായി ഒടുക്കുന്ന തുക നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തിരിച്ചുനൽകുമെന്നാണ് കരാറിൽ.
>
> -ജയകുമാർ
> വിസിൽ സി.ഇ.ഒ



സജിത്ത്കുമാറിന് അയ്യങ്കാളി പുരസ്കാരം

കൊച്ചി: കായൽസമ്മേളന സ്വാഗതസംഘം ഏർപ്പെടുത്തിയ പ്രഥമ മഹാത്മാ അയ്യങ്കാളി പുരസ്കാരത്തിന് ദോഹയിൽ എൻജിനീയറായ സി.ഡി സജിത്കുമാർ അർഹനായി. 25,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. അയ്യങ്കാളിയുടെ ചെറുമകൻ എസ്.ഗിരിജാത്മജൻ പുരസ്കാരം സമ്മാനിക്കും. പാലക്കാട് കൊങ്ങപ്പാടം എന്ന പിന്നാക്ക ഗ്രാമത്തിൽ നടത്തിയ വിദ്യാഭ്യാസ - സാമൂഹ്യ പ്രവർത്തനങ്ങളാണ് അവാർഡിന് അർഹനാക്കിയത്. സജിത്ത്കുമാറിന്റെ ഇടപെടലിലൂടെ നിരവധി പേർക്ക് കൊങ്ങാപ്പാടത്ത് നിന്ന് ഉന്നത വിദ്യാഭ്യാസം നേടാനായെന്ന് സ്വാഗതസംഘം ചെയർമാൻ പി.വി കൃഷ്ണൻകുട്ടിയും കൺവീനർ എ.ശശിധരനും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മെഡി. ടെക്. വികസനത്തിന് പുതിയ കമ്പനി

തിരുവനന്തപുരം: സംസ്ഥാനത്ത് മെഡിക്കൽ, ഹെൽത്ത് കെയർ ടെക്നോളജിക്കും ഇതുമായി ബന്ധപ്പെട്ട ഐ.ടി.മേഖലയുടെ വളർച്ചയും ലക്ഷ്യമിട്ട് പുതിയ കമ്പനി രൂപീകരിക്കുമെന്ന് കെ. ഡിസ്ക് ചെയർമാൻ ഡോ. കെ. എം.എബ്രഹാം പറഞ്ഞു. മാസ്കറ്റ് ഹോട്ടലിൽ അസാപ് നടത്തിയ ഹെൽത്ത് കെയർ കോൺക്ലേവിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പുതിയ കമ്പനിരൂപീകരണത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായി. വിവിധമേഖലകളിൽ നിന്നുള്ള വിദഗ്ധർ ഇതിൽ പങ്കാളികളാകും. സർക്കാർ വകുപ്പുകൾക്ക് പുറമെ ആരോഗ്യമേഖലയിലെ വിവിധ ഏജൻസികൾ, ആർ.ജി.സി. ബി, ശ്രീ ചിത്ര, ബാങ്കുകൾ, സർവ്വകലാശാലകൾ എന്നിവരെയെല്ലാം പങ്കാളികളാക്കും. പദ്ധതി വിജയിക്കുന്നതോടെ കേരളം രാജ്യത്തിന്റെ മെഡിക്കൽ ടെക്നോളജി ഹബ്ബ് ആയിത്തീരുമെന്നും അദ്ദേഹം പറഞ്ഞു.

എം.ഡി.എസ് ന്യൂനപക്ഷ ക്വോട്ട

തിരുവനന്തപുരം: ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ ഡന്റൽ കോളേജുകളിലെ ന്യൂനപക്ഷ ക്വോട്ട സീറ്റുകളുടെ വിവരങ്ങൾ www.cee-kerala.org വെബ്സൈറ്റിൽ ലഭ്യമാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ 24ന് വൈകിട്ട് 5നകം www.cee.kerala.gov.in വെബ്സൈറ്റിൽ സമുദായം തെളിയിക്കുന്ന രേഖകൾ അപ്‌ലോഡ് ചെയ്യണം. അപാകതയുള്ളതും അപൂർണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കില്ല.

ശ്രീജിത്തിനെ കസ്റ്റഡിയിലെടുക്കുമ്പോൾ ഗുരുതര മർദ്ദനമേറ്റിരുന്നില്ലെന്ന് ഡോക്ടർ

സ്വന്തം ലേഖകൻ

കൊച്ചി: ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തപ്പോൾ ഗുരുതര മർദ്ദനമേറ്റതിന്റെ ലക്ഷണങ്ങൾ ഇല്ലായിരുന്നുവെന്ന് ആദ്യം പരിശോധിച്ച വരാപ്പുഴ മെഡിക്കൽ സെന്റർ മേധാവി ഡോ. ജോസ് സക്കറിയ വെളിപ്പെടുത്തി. ശ്രീജിത്തിനെ ആലുവ റൂറൽ പൊലീസ് മേധാവി എ.വി. ജോർജിന്റെ ടൈഗർഫോഴ്സ്സംഘത്തിലെ പൊലീസുകാർ കഴിഞ്ഞ ആറിന് രാത്രി പത്തരയ്ക്കാണ് കസ്റ്റഡിയിലെടുത്തത്. പിറ്റേദിവസം രാവിലെയാണ് ഡോ. ജോസ് സക്കറിയ പരിശോധിച്ചത്.

ആന്തരികാവയവങ്ങൾക്ക് പരിക്കേറ്റതിന്റെ യാതൊരു ലക്ഷണവുമില്ലെന്നാണ് ഡോക്ടറുടെ വെളിപ്പെടുത്തൽ. വയറുവേദനയെന്ന് പറഞ്ഞാണ് ശ്രീജിത്തിനെ പൊലീസ് കൊണ്ടുവന്നത്. ഇൻജക്ഷൻ നൽകിയതോടെ വേദന കുറഞ്ഞു. സന്തോഷത്തോടെയാണ് ശ്രീജിത്ത് മടങ്ങിയത്. അതിനാൽ ശനിയാഴ്ച ഉച്ചയ്ക്ക് ശേഷമോ രാത്രിയിലോ ആയിരിക്കാം ക്രൂരമർദ്ദനത്തിന് ഇരയായതെന്നും ഡോക്ടർ പറഞ്ഞു.

ഞായറാഴ്ച പുലർച്ചെ 3.05 നാണ് ശ്രീജിത്തിനെ ഗുരുതരാവസ്ഥയിൽ പൊലീസ് സ്വകാര്യ ആശുപത്രിയിലെത്തിച്ചത്.

വരാപ്പുഴ പൊലീസ് സ്റ്റേഷനിൽ വച്ച് എസ്.ഐ ദീപക് ശ്രീജിത്തിനെ ക്രൂരമായി മർദ്ദിച്ചെന്ന കൂട്ടുപ്രതികളുടെ മൊഴിക്ക് കൂടുതൽ ബലമേകുന്നതാണ് ഡോക്ടറുടെ വെളിപ്പെടുത്തൽ. എസ്.ഐയെ അറസ്റ്റ് ചെയ്യാത്തതിനെതിരെ ശ്രീജിത്തിന്റെ ബന്ധുക്കൾ രംഗത്തെത്തിയിരുന്നു.

പൊലീസിന് ജാമ്യം നൽകാനാവില്ല

പറവൂർ: ശ്രീജിത്തിനെ ചവിട്ടിക്കൊന്ന കേസിൽ പ്രതികളായ മൂന്നു പൊലീസുകാർക്ക് ജാമ്യം നൽകാനാവില്ലെന്ന് പറവൂർ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി. പ്രതികളുടെ ഫോട്ടോകൾ മാദ്ധ്യമങ്ങളിൽ വന്നതിനാൽ തിരിച്ചറിയൽ പരേഡിന് പ്രസക്തിയില്ലെന്ന് പ്രതിഭാഗം അഭിഭാഷകൻ വാദിച്ചെങ്കിലും ജാമ്യം അനുവദിക്കാനാവില്ലെന്ന് കോടതി വാക്കാൽ പറഞ്ഞു.

ശ്രീജിത്തിന്റെ മരണം: ചെന്നിത്തല 23ന് നിരാഹാരസമരം നടത്തും

കോട്ടയം: പൊലീസ് കസ്റ്റഡിയിൽ ശ്രീജിത്ത് മരിക്കാനിടയായ സംഭവത്തിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കൊച്ചിയിൽ നിരാഹാര സമരം നടത്തുമെന്ന് കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ പറഞ്ഞു. 23 ന് രാവിലെ പത്ത് മുതൽ 24ന് രാവിലെ പത്ത് വരെയാണ് നിരാഹാര സമരം. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യും. ശ്രീജിത്തിനെ അറസ്റ്റു ചെയ്യാൻ ഉത്തരവിട്ട ആലുവ റൂറൽ എസ്.പി എ.വി. ജോർജിനെ സസ്പെൻഡു ചെയ്യണമെന്നും ഹസൻ ആവശ്യപ്പെട്ടു. കോൺഗ്രസിനെചൊല്ലി സി.പി.എമ്മിൽ യെച്ചൂരി - കാരാട്ട് യുദ്ധം നടക്കുകയാണെങ്കിലും കേരളത്തിൽ സി.പി.എമ്മുമായി ഒരു കൂട്ടിനുമില്ല.

ജേക്കബ് തോമസിന്റെ വിദേശയാത്ര തടഞ്ഞു

തിരുവനന്തപുരം: സസ്പെൻഷനിലുള്ള ഡി.ജി.പി ജേക്കബ് തോമസിന്റെ വിദേശയാത്ര ചീഫ്സെക്രട്ടറി പോൾ ആന്റണി തടഞ്ഞു. വിവിധ സർവകലാശാലകളിൽ ക്ലാസെടുക്കാനും ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കാനും അമേരിക്ക, കാനഡ, സ്വിറ്റ്സർലാൻഡ് എന്നിവിടങ്ങളിലേക്ക് അടുത്ത ബുധനാഴ്ച യാത്ര തിരിക്കുന്നതായാണ് ജേക്കബ് തോമസ് മാർച്ച് 29ന് ചീഫ് സെക്രട്ടറിയെ അറിയിച്ചത്. ഒരുമാസത്തെ യാത്രയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, സസ്പെൻഷന്റെ ഭാഗമായുള്ള അന്വേഷണത്തോട് സഹകരിക്കാത്തതിനാൽ അനുമതി നിഷേധിക്കുന്നതായി കഴിഞ്ഞ ദിവസം മറുപടി നൽകുകയായിരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നിർദ്ദേശപ്രകാരമാണ് നടപടി.

കഴിഞ്ഞ ജനുവരിയിൽ അമേരിക്കൻ യാത്രയ്ക്ക് ജേക്കബ് തോമസ് അനുമതി തേടിയെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. സസ്പെൻഷനിലുള്ള അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥന് വിദേശയാത്രയ്ക്ക് സർക്കാർ അനുമതി ആവശ്യമില്ലെന്ന നിയമോപദേശം ലഭിച്ചതിനെത്തുടർന്ന് മാർച്ച് 29ന് വിദേശയാത്ര അറിയിച്ച് വീണ്ടും കത്ത് നൽകി. അമേരിക്കൻ വിസ നേടി ടിക്കറ്റുമെടുത്ത ശേഷമാണ് യാത്ര പാടില്ലെന്ന് ചീഫ് സെക്രട്ടറി അറിയിച്ചതെന്ന് ജേക്കബ് തോമസ് പറഞ്ഞു.

സസ്പെൻഷനിലായിരിക്കുമ്പോൾ വിദേശയാത്രയ്ക്ക് അവധിയോ സർക്കാർ അനുമതിയോ ആവശ്യമില്ല. വിവരം സർക്കാരിനെ അറിയിക്കുക മാത്രമാണ് ചെയ്തത് - ജേക്കബ് തോമസ് പറഞ്ഞു.

> അഭിപ്രായ സ്വാതന്ത്ര്യത്തിനു പുറമേ യാത്രാസ്വാതന്ത്ര്യം കൂടി തടഞ്ഞു. മനോവീര്യം തകർത്ത് ഇല്ലാതാക്കാനാണ് ശ്രമം
>
> -ജേക്കബ് തോമസ്

ഗ്രൂപ്പ് വാർത്തയ്ക്ക് പിന്നിൽ ഗൂഢലക്ഷ്യം: കെ. മുരളീധരൻ

കോഴിക്കോട്: തന്റെ നേതൃത്വത്തിൽ കോൺഗ്രസിൽ പുതിയ ഗ്രൂപ്പുണ്ടാക്കുന്നെന്ന വാർത്തകൾക്ക് പിന്നിൽ ഗൂഢലക്ഷ്യങ്ങളുണ്ടെന്നും കോൺഗ്രസിലുള്ളവർ തന്നെയാണ് ഇത്തരം വാർത്തകൾക്ക് പിന്നിലെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട്ട് മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെ.പി.സി.സി അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിന് മുമ്പ് ബൂത്ത് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുകയാണ് വേണ്ടത്. കെ.പി.സി.സി അദ്ധ്യക്ഷനാകാൻ തനിക്ക് താൽപര്യമില്ല. ആരെ തിരഞ്ഞെടുത്താലും സ്വാഗതം ചെയ്യും.

പ്രായം പറഞ്ഞു പ്രസിഡന്റ് സ്ഥാനത്തു നിന്നു ആരെയും മാറ്റിനിറുത്തരുത്. തെന്നല ബാലകൃഷ്ണപിള്ള പ്രസിഡന്റ് ആയിരുന്നപ്പോഴാണ് യു.ഡി.എഫിന് 100 സീറ്റ് കിട്ടിയതെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ ഇന്റലിജൻസും ആഭ്യന്തര വകുപ്പും പൂർണ പരാജയമായി. അപ്രഖ്യാപിത ഹർത്താലിനെ പ്രതിരോധിക്കാൻ കഴിയാത്തത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണ്. ഹർത്താൽ നിയന്ത്രണ ബില്ല് ഉടൻ പാസാക്കണമെന്ന് മുരളീധരൻ ആവശ്യപ്പെട്ടു.

റേഡിയോജോക്കി വധം

അപ്പുണ്ണിയുടെ തിരിച്ചറിയൽ നാളെ; കുറ്റപത്രം ഉടൻ

സത്താറിനെ നാട്ടിലെത്തിക്കാൻ പൊലീസ് ശ്രമം തുടങ്ങി

തിരുവനന്തപുരം: റേഡിയോ ജോക്കിയും ഗായകനുമായ മടവൂരിലെ 'നൊസ്റ്റാൾജിയ' നാടൻപാട്ട് സംഘാംഗം മടവൂർ പടിഞ്ഞാറ്റേല ആശാനിവാസിൽ രാജേഷ്കുമാറിനെ കൊലപ്പെടുത്തിയ കേസിൽ പ്രധാനപ്രതി അപ്പുണ്ണിയുടെ തിരിച്ചറിയൽ പരേഡ് നാളെ. പ്രധാനസാക്ഷി കുട്ടനാണ് ഇയാളെ തിരിച്ചറിയേണ്ടത്. പരേഡിനായി പൊലീസ് കോടതിയിൽ അപേക്ഷ നൽകി. പൂജപ്പുര സെൻട്രൽ ജയിലിൽ മജിസ്ട്രേട്ടിന്റെ സാന്നിദ്ധ്യത്തിലാണ് തിരിച്ചറിയൽ പരേഡ്. മറ്റു പ്രതികളായ മുഹമ്മദ് സാലിഹ്, തൻസീർ എന്നിവരെ കുട്ടൻ തിരിച്ചറിഞ്ഞിട്ടുണ്ട്. സംഭവസമയത്ത് രാജേഷിനൊപ്പമുണ്ടായിരുന്നയാളാണ് വെള്ളല്ലൂർ സ്വദേശി കുട്ടൻ. പ്രതികൾക്കെതിരേ പഴുതടച്ച കുറ്റപത്രം കോടതിയിൽ സമർപ്പിക്കാൻ അന്വേഷണസംഘം നടപടി തുടങ്ങി. പരമാവധി തെളിവുകൾ ഇതിനായി ശേഖരിക്കും. ഇതിനിടയിൽ കേസിലെ ഒന്നാം പ്രതിയായ ഖത്തറിലെ വ്യവസായി ഓച്ചിറ നായമ്പരത്ത് സത്താറിനെ സത്താറിനെ നാട്ടിലെത്തിക്കാൻ പൊലീസ് ഊർജിതശ്രമം തുടങ്ങി. ഖത്തറിൽ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് ഇയാൾക്ക് യാത്രാവിലക്കുണ്ട്. വിദേശകാര്യമന്ത്രാലയത്തിന്റെ സഹായത്തോടെ ഇയാളെ നാട്ടിലെത്തിക്കാനാണ് പൊലീസ് ശ്രമിക്കുന്നത്.

ലക്ഷങ്ങൾ പ്രതിഫലം നൽകിയും ഗൾഫിൽ ജോലി വാദ്ഗാനം ചെയ്തുമാണ് യുവാക്കളെ കൊലപാതകത്തിന് നിയോഗിച്ചത്. കൊലയാളി സംഘത്തലവൻ ഓച്ചിറ പണിച്ചിമൂട്ടിൽ ജലാലുദ്ദീൻ കുഞ്ഞിന്റെ മകൻ അലിഭായി എന്ന മുഹമ്മദ് സാലിഹിനെ ഖത്തറിലെ തന്റെ ബിസിനസിൽ പങ്കാളിയാക്കാമെന്നായിരുന്നു വാഗ്ദാനം.

സഹായം നൽകിയവർക്കെല്ലാം സത്താറിന്റെ നിർദ്ദേശപ്രകാരം പണം നൽകിയതായി പ്രധാനപ്രതി തൻസീർ പൊലീസിനോട് വെളിപ്പെടുത്തി. ജിംനേഷ്യം, സൂപ്പർമാർക്കറ്റ് എന്നിങ്ങനെ ഖത്തറിൽ സത്താറിന് വിവിധ ബിസിനസുകളുണ്ട്. ഭാര്യയുമായി അടുപ്പമുണ്ടാക്കി കുടുംബം തകർത്ത്, ഭാര്യയെ വേർപിരിച്ച രാജേഷിനോടുള്ള പ്രതികാരം തീർക്കാനാണ് സത്താർ കൊലപാതകം ആസൂത്രണം ചെയ്തത്.

രാജേഷ്

മായാ കോട്നാനി

നരോദ പാട്യ കൂട്ടക്കൊല

മായ കോട്നാനിയെ വെറുതേവിട്ടു

ന്യൂഡൽഹി: 2002 ലെ ഗുജറാത്ത് കലാപ കാലത്ത് നടന്ന നരോദ പാട്യ കൂട്ടക്കൊല കേസിൽ ബി.ജെ.പി നേതാവും മന്ത്രിയുമായിരുന്ന മായാ കോട്നാനിയെ ഗുജറാത്ത് ഹൈക്കോടതി വെറുതേവിട്ടു. കോട്നാനിയുടെ പേഴ്സണൽ അസിസ്റ്റന്റ് ക്രിപാൽ സിംഗ് ചാബ്ഡയെ അടക്കം 16 പേരെയാണ് കോടതി ഇതുവരെ കുറ്റവിമുക്തരാക്കിയത്. നരോദ പാട്യയിൽ കൂട്ടക്കൊല നടക്കുമ്പോൾ താൻ നിയമസഭയിലായിരുന്നുവെന്നും കേസിൽ തനിക്ക് പങ്കില്ലെന്നുമുള്ള വാദം അംഗീകരിച്ചാണ് മായാ കോട്നാനിയെ കോടതി വെറുതേവിട്ടത്. അതേസമയം കേസിലെ പ്രതിയായ ബജ്റംഗ്ദൾ നേതാവ് ബാബു ബജറംഗിയുടെ ജീവപര്യന്തം തടവ് കോടതി ശരിവച്ചു. ഇയാളുടെ ശിക്ഷ 21 വർഷമാക്കി കുറച്ചിട്ടുണ്ട്.

2012 ആഗസ്റ്റിൽ മായ കോട്നാനിയും ബജ്റംഗിയുമടക്കം 32 പേരെയാണ് പ്രത്യേക കോടതി ശിക്ഷിച്ചത്.

കൺസ്യൂമർ ഫെഡിലെ അബ്കാരി ജീവനക്കാരോട് ചിറ്റമ്മനയം

കൊല്ലം: നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാതെ വലയുകയാണ് കൺസ്യൂമർ ഫെഡിലെ അബ്കാരി തൊഴിലാളികൾ. 17 വർഷം മുമ്പാണ് ബിവറേജസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡും സർക്കാർ ഏറ്റെടുത്തത്. എന്നാൽ ബീവറേജസ് കോർപ്പറേഷനിലെ അബ്കാരി തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കൺസ്യൂമർ ഫെഡിലെ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ബീവറേജസിൽ അടിസ്ഥാന ശമ്പളമായി 35,000 രൂപയോളം ലഭിക്കുമ്പോൾ കൺസ്യൂമർ ഫെഡിൽ 2600 രൂപയോളം കുറവാണ്. ഇരുവിഭാഗവും ക്ഷേമനിധിയിൽ അംഗങ്ങളാണ്. 2004ൽ തൊഴിൽമന്ത്രി, ലേബർ കമ്മിഷണർ, കൺസ്യൂമർ ഫെഡ് എം.ഡി എന്നിവരുടെ യോഗത്തിൽ രണ്ടിടങ്ങളിലെയും അബ്കാരി തൊഴിലാളികൾക്ക് ഒരേ ആനുകൂല്യങ്ങൾ നൽകണമെന്ന തീരുമാനിച്ചിരുന്നു. എന്നാൽ അത് ഇതുവരെയും കൺസ്യൂമർ ഫെഡിൽ നടപ്പാക്കിയിട്ടില്ല.

ബീവറേജസ് കോർപ്പറേഷനിൽ ഒരു വർഷത്തെ മെഡിക്കൽ അലവൻസായി ഒരു മാസത്തെ ശമ്പളം നൽകുമ്പോൾ കൺസ്യൂമർ ഫെഡിൽ അത് 4500 രൂപമാത്രമാണ്. ഡി.എ അരിയർ കുടിശിക ലഭിച്ചിട്ടുമില്ല. 2016 ജൂൺ മുതൽ ഉയർന്ന ഗ്രേഡ് പ്രൊമോഷനും നടക്കുന്നില്ല. സർക്കാർ ഏറ്റെടുക്കുമ്പോൾ കൺസ്യൂമർഫെഡിൽ 325 അബ്കാരി തൊഴിലാളികളാണ് ഉണ്ടായിരുന്നത്. ഇന്ന് അത് 136 ആയി കുറഞ്ഞു. ഒന്നര വർഷം മുൻപ് സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത എട്ടു തൊഴിലാളികളും ഇതിൽപ്പെടും. ഇവരെല്ലാം 50 ന് മുകളിൽ പ്രായമുള്ളവരാണ്.

കോട്ടയം പൊന്നുക്കുന്നത്തെ കൺസ്യൂമർഫെഡിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ടാണ് ഇവർ സസ്പെൻഷനിലായത്. ഇവരുടെ കാര്യത്തിൽ തീരുമാനം ഉണ്ടാകണമെന്ന ആവശ്യവും ഉയരുന്നുണ്ട്.

> കഴിഞ്ഞവർഷം മന്ത്രി കടകംപള്ളി സുരേന്ദ്രനുമായി നടത്തിയ ചർച്ചയിൽ ഒക്ടോബറോടെ പരിഹാരം ഉണ്ടാകുമെന്ന് ഉറപ്പുകിട്ടിയിരുന്നെങ്കിലും നടപടി ഉണ്ടായില്ല. അതിനാൽ അനിശ്ചിതകാല സമരവുമായി മുന്നോട്ട പോകാൻ തീരുമാനിച്ചിരിക്കുകയാണ്.
>
> -എസ്. ഹരികുമാർ
> (മദ്യ - വിദേശമദ്യ വ്യവസായ തൊഴിലാളി ഫെഡറേഷൻ)